"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - മലപ്പുറം ജില്ലാ കളക്ടറുടെ ഉത്തരവിനെതിരെ ശ്രീ.മൊയ്തീൻ കുഞ്ഞി സമർപ്പിച്ച റിവിഷൻ ഹർജി - നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (എൻ.സി.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.794/2023/AGRI തീയതി,തിരുവനന്തപുരം, 08-08-2023**

പരാമർശം:- (1) തിരൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ 04.03.2022-ലെ RDOTIR/695/20/KI നമ്പർ നടപടിക്രമം.

(2) ശ്രീ.മൊയ്തീൻ കുഞ്ഞി സമർപ്പിച്ച 26.03.2022-ലെ അപ്പീൽ അപേക്ഷ.

(3) മലപ്പുറം ജില്ലാ കളക്ടറുടെ 25.03.2023-ലെ DCMPM/5288/2022-B7 നമ്പർ നടപടിക്രമം.

(4) ശ്രീ.മൊയ്തീൻ കുഞ്ഞി സമർപ്പിച്ച 10.3.2023-ലെ അപ്പീൽ ഹർജി.

**ഉത്തരവ്**

മലപ്പുറം ജില്ല പൊന്നാനി താലൂക്കിൽ ഈഴുവത്തിരുത്തി വില്ലേജിൽ ബ്ലോക്ക് 10-ൽ റീ.സ.നം.131/0-2ൽ ഉൾപ്പെട്ടതും, പൊന്നാനി സബ് രജിസ്ട്രാർ ഓഫീസിലെ 3586/2015 നം. ആധാര പ്രകാരം ഹാജിയാരകത്ത് മൊയ്തീൻകുഞ്ഞി എന്നവരുടെ ഉടമസ്ഥതയിലുള്ളതും, ഡാറ്റാ ബാങ്കിൽ നഞ്ചയായി രേഖപ്പെടുത്തിയതുമായ 5.261 ആർ ഭൂമിയുടെ സ്വഭാവ വ്യതിയാനത്തിനായുള്ള ഫോം-6 അപേക്ഷ നിരസിച്ച് പരാമർശം (1) പ്രകാരം തിരൂർ ആർ.ഡി.ഒ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ആർ.ഡി.ഒ-യുടെ പരാമർശം (1) ഉത്തരവിനെതിരെ ശ്രീ.മൊയ്തീൻ കുഞ്ഞി പരാമർശം (2) പ്രകാരം അപ്പീൽ അപേക്ഷ സർക്കാരിൽ സമർപ്പിച്ചിരുന്നു. 2018-ലെ കേരള നെൽവയൽ തണ്ണീർത്തട ഭേദഗതി നിയമം വകുപ്പ് 27എ(2) പ്രകാരമുള്ള ആർ.ഡി.ഒ-യുടെ ഉത്തരവിനെതിരെ മുപ്പത് ദിവസത്തിനകം അപ്പീൽ സമർപ്പിക്കേണ്ടത് ജില്ലാ കളക്ടർ സമക്ഷം ആയതിനാൽ സർക്കാരിൽ സമർപ്പിച്ച ഹർജി അപ്പീൽ പെറ്റീഷനായി പരിഗണിക്കാനും വിഷയത്തിൽ ഉചിതമായ തീരുമാനമെടുക്കാനും മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

3. ജില്ലാ കളക്ടർ 16.05.2022 തീയതിയിൽ പരാതിക്കാരനെ നേരിൽ കേൾക്കുകയുണ്ടായി. 2018-ൽ പുതിയ വീട് പണിതിട്ടുണ്ട് എന്നും മുൻവശത്ത് ചെറുതായി നിലം ഉണ്ടെന്നും മുന്നാധാരത്തിൽ 2004-ൽ വീട്ടുണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും കക്ഷി മൊഴി നൽകി. കക്ഷി ഹാജരാക്കിയ ആധാരങ്ങളും വില്ലേജ് ഓഫീസറുടെയും കൃഷി ഓഫീസറുടെയും സംയുക്ത സ്ഥലപരിശോധനാ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും അപേക്ഷകന്റേത് റീ സർവ്വെ

നമ്പർ 131/തനിയിൽപ്പെട്ട ഭൂമിയാണെന്നും സമീപത്തെ മറ്റ് കൈവശക്കാർക്ക് സർവ്വെ സബ് ഡിവിഷൻ നമ്പരുകൾ ഉള്ളതായി കണ്ടതായും, റീ സർവ്വെ നമ്പർ 131/തനിയിൽ ഒട്ടളവ് 3.53 ഏക്കറാണെന്നും ആയതിൽ 2.25 ഏക്കർ നിലവും 1.28 ഏക്കർ ഭൂമി തരംമാറ്റപ്പെട്ടതുമാണെന്നും റിപ്പോർട്ടുകളും ഡാറ്റാബാങ്ക് പരിശോധിച്ചതിലും കണ്ടതായും, 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമ പ്രകാരം ഡാറ്റാബാങ്കിൽ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിക്കാണ് സെക്ഷൻ 27എ ബാധകമാകു എന്നതിനാലും അപേക്ഷാ ഭൂമി ഡാറ്റാ ബാങ്കിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ളതായതിനാൽ പ്രസ്തുത അപ്പീൽ അപേക്ഷ നിരസിച്ച് പരാമർശം (3) പ്രകാരം ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചു.

4. ജില്ലാ കളക്ടറുടെ പരാമർശം (3) ഉത്തരവിനെതിരെ ശ്രീ.മൊയ്തീൻ കുഞ്ഞി പരാമർശം (4) പ്രകാരം അപ്പീൽ ഹർജി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ കളക്ടർ പരാതിക്കാരനെ നേരിൽ കേൾക്കുകയും, വില്ലേജ് ഓഫീസറുടെയും കൃഷി ഓഫീസറുടെയും സംയുക്ത സ്ഥലപരിശോധനാ റിപ്പോർട്ട് പരിശോധിക്കുകയും അപേക്ഷാ ഭൂമി ഡാറ്റാ ബാങ്കിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ളതാണെന്ന ബോധ്യപ്പെട്ടതിനാലുമാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.ആയതിനാൽ പരാമർശം (3) പ്രകാരം മലപ്പുറം ജില്ലാ കളക്ടർ പുറപ്പെടുവിച്ച ഉത്തരവ് ശരിവച്ചു കൊണ്ടും, പരാമർശം (4) പ്രകാരം ശ്രീ.മൊയ്തീൻ കുഞ്ഞി സമർപ്പിച്ച അപ്പീൽ ഹർജി നിരസിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് സാബിർ ഹുസൈൻ
അഡിഷണൽ സെക്രട്ടറി

ശ്രീ മൊയ്തീൻ കുഞ്ഞി, ഹാജിയാരകത്ത് ഹൗസ്, പൊന്നാനി സൗത്ത്, മലപ്പുറം.
ജില്ലാ കളക്ടർ, മലപ്പുറം.
റവന്യൂ ഡിവിഷണൽ ഓഫീസർ, തിരൂർ, മലപ്പുറം.
വില്ലേജ് ഓഫീസർ, ഈഴുവത്തിരുത്തി, മലപ്പുറം.
കൃഷി ഓഫീസർ, ഈഴുവത്തിരുത്തി, മലപ്പുറം.
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (ഫയൽ നം. AGRI-NCA1/139/2023-AGRI)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ